അന്തർസംസ്ഥാന നദീജല കരാറുകൾ

3 (*300) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കേരളത്തിന് അന്തർ സംസ്ഥാന നദീജല കരാറുകൾ നിലവിലുള്ളത് ;

(ബി) ഏതൊക്കെ നദീജല കരാറുകളാണ് ഈ സംസ്ഥാനങ്ങളുമായി നിലവിലുള്ളത് ;

(സി) മറ്റു സംസ്ഥാനങ്ങൾ ഈ നദീജല കരാറുകൾ കൃത്യമായി പാലിക്കുന്നണ്ടോ ;

(ഡി) ഈ നദീജല കരാറുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സംസ്ഥാനത്ത് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഇ) നദീജല കരാറുകൾ കൃത്യമായി പാലിക്കുന്നണ്ടെന്ന് ഉറപ്പാക്കാൻ പ്രത്യേക സംവിധാനത്തിന് രൂപം നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ,

(എ) തമിഴ്നാടുമായിട്ടാണ് കേരളത്തിന് അന്തർ സംസ്ഥാന നദീജല കരാറുകൾ നിലവിലുള്ളത്.

(ബി) 1886-ലെ പെരിയാർ പാട്ടക്കരാർ, 1970-ലെ പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ, 1973-ലെ ശിരുവാണി കുടിവെള്ളക്കരാർ ഇവയാണ് തമിഴ്നാടും കേരളവും തമ്മിൽ നിലവിലുള്ള കരാറുകൾ.

(സി) തമിഴ്നാട് ഒഴികെ, മറ്റു സംസ്ഥാനങ്ങളുമായി കേരളത്തിന് നദീജല കരാറുകളൊന്നും ഇല്ല, പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കേരള സർക്കാർ തമിഴ്നാട് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പുനരവലോകന ചർച്ചകളിൽ ഇതുസംബന്ധിച്ച വിവരങ്ങൾ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

(ഡി) അന്തർ സംസ്ഥാന നദീജല കരാറുകളിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ പാലക്കാട് പ്രവർത്തിക്കുന്നുണ്ട്. ശിരുവാണി കുടിവെള്ള കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ ശിരുവാണി പ്രോജക്റ്റ് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനീയറുടെ കീഴിൽ ശിരുവാണിയിൽ തന്നെ ഒരു സബ് ഡിവിഷനുണ്ട്. പെരിയാർ പാട്ടക്കരാറിലെ വ്യവസ്ഥകൾ

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ എക്സിക്യൂട്ടീവ് എൻജിനീയർ എം.ഐ. ഡിവിഷൻ, കട്ടപ്പനയുടെ കീഴിൽ പ്രവർത്തിക്കുന്ന മോണിട്ടറിംഗ് സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുപുറമേ അന്തർ സംസ്ഥാന നദീജലം സംബന്ധിച്ച കാര്യങ്ങൾ നോക്കുവാനായി ഒരു ചീഫ് എൻജിനീയറുടെ, (ഐ.എസ്.ഡബ്ല്യൂ.) നേതൃത്വത്തിൽ ഇന്റർസ്റ്റേറ്റ് വിംഗും സർക്കാർ തലത്തിൽ ഒരു ഐ.എസ്.ഡബ്ല്യൂ സെല്ലും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഡൽഹിയിൽ ഒരു സൂപ്രണ്ടിംഗ് എൻജിനീയറുടെ നേതൃത്വത്തിൽ ഒരു കാവേരി സെല്ലും പ്രവർത്തിക്കുന്നുണ്ട്.

(ഇ) നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമായതിനാൽ പുതിയ സംവിധാനം ഇപ്പോൾ ആവശ്യമില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്വകാര്യ കുറ്റാന്വേഷണ ഏജൻസികൾ

4 (*21) ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. എ.എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ കുറ്റാന്വേഷണ ഏജൻസികളുടെ പ്രവർത്തനം നിയമവിധേയമാണോ എന്ന് വെളിപ്പെടുത്താമോ ;

(ബി) സ്വകാര്യ കുറ്റാന്വേഷണ ഏജൻസികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ ;

(സി) സമാന്തര പോലീസ് സംവിധാനമായി മാറാൻ സാദ്ധ്യതയുള്ള സ്വകാര്യ കുറ്റാന്വേഷണ ഏജൻസികളുടെ പ്രവർത്തനത്തിൻമേൽ ഏതെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) കേരളത്തിൽ എറണാകുളം ജില്ലയിൽ രണ്ട് സ്വകാര്യ അന്വേഷണ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. ഇവ രണ്ടും കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതാണ്. ഇവ കുറ്റാന്വേഷണം നടത്തുന്നതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly